**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 550** **23-06-2026-ൽ മറുപടിയ്ക്ക്**

**ആലത്തൂർ നിയോജക മണ്ഡലത്തിലെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ നിയോജകമണ്ഡലത്തിൽ ആകെയുള്ള എക്സൈസ് റേഞ്ച്/ സർക്കിൾ ഓഫീസുകളുടെ എണ്ണവും സ്ഥലവും സംബന്ധിച്ച വിവരങ്ങൾ നൽകാമോ, ഇവയെല്ലാം സ്വന്തം കെട്ടിടത്തിലാണോ അതോ വാടക കെട്ടിടങ്ങളിലാണോ നിലവിൽ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**മറുപടി:** ആലത്തൂർ നിയോജക മണ്ഡലത്തിൽ ആലത്തൂർ എക്സൈസ് റേഞ്ച് ഓഫീസ്, കുഴൽമന്ദം എക്സൈസ് റേഞ്ച് ഓഫീസ്, ആലത്തൂർ എക്സൈസ് സർക്കിൾ ഓഫീസ് എന്നീ 3 എക്സൈസ് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ആലത്തൂർ എക്സൈസ് റേഞ്ച് ഓഫീസും ആലത്തൂർ എക്സൈസ് സർക്കിൾ ഓഫീസും ആലത്തൂർ മിനി സിവിൽ സ്റ്റേഷനിലും, കുഴൽമന്ദം എക്സൈസ് റേഞ്ച് ഓഫീസ് വാടക കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്.

**(ബി)** മണ്ഡലത്തിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് റെയ്ഡുകളും പെട്രോളിംഗും നടത്തുന്നതിനായി നിലവിൽ ആവശ്യത്തിന് വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടോ, അവയുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ, അവയിൽ കാലപ്പഴക്കം ചെന്ന വാഹനങ്ങൾ ഉണ്ടെങ്കിൽ പകരം പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

**മറുപടി:** ആലത്തൂർ നിയോജക മണ്ഡലത്തിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് റെയ്ഡുകളും, പെട്രോളിംഗും നടത്തുന്നതിനായി നിലവിൽ ആവശ്യത്തിന് വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് ജീപ്പുകളും, നാല് ഇരുചക്രവാഹനങ്ങളും ഉൾപ്പെടുന്നു. അവയിൽ കാലപ്പഴക്കം ചെന്ന വാഹനങ്ങൾ ഒന്നും ഇല്ല.

**(സി)** മണ്ഡലത്തിൽ ആളൊഴിഞ്ഞ/ഒറ്റപ്പെട്ട പ്രദേശങ്ങളിൽ വ്യാജ വാറ്റ് , വ്യാജ മദ്യ നിർമ്മാണം എന്നിവ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്?

**മറുപടി:** ആലത്തൂർ നിയോജക മണ്ഡലത്തിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ അനധികൃത മദ്യ നിർമ്മാണം നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് എക്സൈസ് റേഞ്ച്, എക്സൈസ് സർക്കിൾ, എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് എന്നീ ഓഫീസുകളിൽ നിന്നും പ്രത്യേക സംഘങ്ങളെ നിയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**